പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4618 — 18/12/2014 ൽ മറുപടിയ്ക്ക്

## പാഠപുസ്തകങ്ങളിലെ അക്ഷരത്തെറ്റുകൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീമതി. കെ.എസ്. സലീഖ : | | ശ്രീ: പി.കെ. അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| എ) 2014-15 അദ്ധ്യായന വർഷം ഒന്നാം ക്ലാസു മുതൽ പത്താം ക്ലാസുവരെയുള്ള കുട്ടികൾക്ക് പഠിക്കാനായി അച്ചടിച്ച പുസ്തകങ്ങളിൽ വ്യാപകമായ തെറ്റുകൾ കണ്ടെത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>ബി) എങ്കിൽ അച്ചടിച്ച വിതരണം ചെയ്ത പുസ്തകങ്ങളിൽ 7-ാം ക്ലാസ്സ് ഇംഗ്ലീഷ് പുസ്തകത്തിൽ കടന്നു കൂടിയിട്ടുള്ള അക്ഷരത്തെറ്റ്, അർത്ഥത്തിലെ വ്യത്യാസങ്ങൾ, വ്യാകരണത്തെറ്റുകൾ ഉൾപ്പെടെ ഏതെല്ലാം ക്ലാസ്സുകളിലെ എത്ര പുസ്തകങ്ങളിൽ തെറ്റുകൾ കടന്നുകൂടിയിട്ടുണ്ടെന്നാണ് വകുപ്പ് കണക്കാക്കിയത് ; ഇവ തിരുത്താൻ എന്തു നടപടി സ്വീകരിച്ചു ; വിശദാംശം ലഭ്യമാക്കുമോ ; | (എ) & (ബി) | ഒന്നാം ക്ലാസ്സ് മുതൽ പത്താം ക്ലാസ്സ് വരെയുള്ള ക്ലാസ്സുകളിലേക്ക് തയ്യാറാക്കിയ പാഠപുസ്തകങ്ങളിൽ തെറ്റുകൾ കണ്ടെത്തിയിട്ടില്ല. എന്നാൽ ചില പുസ്തകങ്ങളിലെ ആദ്യ പ്രതി പ്രിന്റ് ചെയ്തപ്പോൾ ഉണ്ടായ അച്ചടിപ്പിശകുകൾ പരിഹരിച്ച് വീണ്ടും അച്ചടിക്ക് നൽകിയിട്ടുണ്ട്. ഇത് പരിഹരിച്ചുള്ള നിർദ്ദേശം അധ്യാപകർക്ക് പരിശീലന സമയത്ത് നൽകിയിരുന്നു. |
| സി) ഇപ്രകാരം വിദ്യാഭ്യാസ വകുപ്പിന്റെ പരിശോധനയിൽ വളരെയധികം തെറ്റുകൾ കണ്ടെത്തിയ പാഠപുസ്തകങ്ങൾ ഏതെല്ലാമെന്നും ഇവ തയ്യാറാക്കാൻ നിയോഗിക്കപ്പെട്ട അദ്ധ്യാപകർ ആരെല്ലാമെന്നും അവർക്കെതിരെ എപ്രകാരമുള്ള നടപടി വകുപ്പ് സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ ; | (സി) | പാഠപുസ്തകങ്ങളിൽ കണ്ടെത്തിയ നിസാരമായ പിശകുകൾ പരിഹരിച്ചാണ് റീപ്രിന്റിനു നൽകിയത്. ഇത് എല്ലാ വർഷവും പുസ്തകം റീപ്രിന്റിന് നൽകുന്നതിന് മുൻപായി നടത്തുന്ന പ്രക്രിയയാണ്. സാരമായ തെറ്റുകളല്ലാത്തതിനാൽ തയ്യാറാക്കിയ അധ്യാപകർക്കെതിരെ നടപടി സ്വീകരിക്കേണ്ടി വന്നിട്ടില്ല. |
| ഡി) നിലവിൽ കുട്ടികൾക്ക് പഠിക്കാനുള്ള പാഠപുസ്തകങ്ങളിൽ വ്യാപകമായ തെറ്റുകൾ വരുന്ന സാഹചര്യത്തിൽ ഇത്തരം തെറ്റുകൾ ആവർത്തിക്കാതിരിക്കുവാൻ നൂതനമായ എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ? | (ഡി) | കരിക്കുലം സബ് കമ്മിറ്റിയുടെയും സ്റ്റീയറിംഗ് കമ്മിറ്റിയുടെയും അംഗങ്ങളെ ഉൾപ്പെടുത്തി സൂക്ഷ്മ പരിശോധനയ്ക്ക് ശേഷം മാത്രമേ പാഠപുസ്തകങ്ങൾ അച്ചടിക്ക് നൽകുകയുള്ളൂ. കൂടാതെ പുസ്തകങ്ങൾ അച്ചടിക്ക് നൽകുന്നതിന് മുൻപ് വിദഗ്ധ സമിതിയെക്കൊണ്ട് സൂക്ഷ്മ പരിശോധന നടത്തുന്നതാണ്. പിശകുകളില്ല എന്നുറപ്പാക്കിമാത്രമേ പാഠപുസ്തകങ്ങൾ അച്ചടിക്ക നൽകുകയുള്ളൂ. |

സെക്ഷൻ ഓഫീസർ